**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1511** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഹൈസ്കൂളുകളിലെ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഹൈസ്കൂളുകളിൽ ഇംഗ്ലീഷിനെ ഒരു ഭാഷാ വിഷയമാക്കി പരിഗണിച്ച് 2021-22 അദ്ധ്യയന വർഷം മുതൽ തസ്തികകൾ അനുവദിക്കണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 03.08.2022-ൽ സ.ഉ(സാധാ)നമ്പർ 4497/2022/ പൊ.വി.വ. പ്രകാരം നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2023-24 സ്റ്റാഫ് ഫിക്സേഷനിൽ ഇംഗ്ലീഷിനെ ഒരു ഭാഷാ വിഷയമായി കണക്കാക്കി പീരിഡ് അടിസ്ഥാനത്തിൽ സ്ഥിരം തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിരുന്നോ; | (എ) | സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | എങ്കിൽ 2023-24 സ്റ്റാഫ് ഫിക്സേഷനിൽ ഇംഗ്ലീഷിനെ ഒരു ഭാഷാ വിഷയമായി കണക്കാക്കി പീരിഡ് അടിസ്ഥാനത്തിൽ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | 2022-23 സ്റ്റാഫ് ഫിക്സേഷന് ശേഷം സർക്കാർ സ്കൂളുകളിലെ എച്ച്.എസ്.റ്റി ഇംഗ്ലീഷ് അദ്ധ്യാപകരുടെ ആകെ ഒഴിവുകൾ ജില്ല തിരിച്ച് വിശദാംശം നൽകുമോ? | (സി) | തിരുവനന്തപുരം-12, കൊല്ലം-12, പത്തനംതിട്ട-ഇല്ല, ആലപ്പുഴ-6, കോട്ടയം-54, ഇടുക്കി-2, എറണാകുളം-ഇല്ല, തൃശ്ശൂർ-6, പാലക്കാട്-14, മലപ്പുറം-32, കോഴിക്കോട്-5, വയനാട്-1, കണ്ണൂർ-2, കാസർഗോഡ്-4. |

സെക്ഷൻ ഓഫീസർ